പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5823 — 02.07.2019 ൽ മറുപടിയ്ക്ക്

**ഐ.ടി.ഐ.കൾ രാജ്യാന്തര പദവിയിലേക്ക് ഉയർത്തുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| **(എ)** സംസ്ഥാനത്തെ ഐ.ടി.ഐ.കൾ രാജ്യാന്തര പദവിയിലേക്ക് ഉയർത്തുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br><br>**(ബി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;<br><br>**(സി)** എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി വിനിയോഗിക്കുകയെന്നും ഏത് ഏജൻസിയിൽ നിന്നുമാണ് ഇതിനുള്ള ധനസഹായം ഉറപ്പാക്കിയിട്ടുള്ളതെന്നും വെളിപ്പെടുത്താമോ? | **(എ) യും (ബി) യും (സി) യും** ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 സർക്കാർ ഐ.ടി.ഐകളെ കിഫ്ബിയുടെ ധനസഹായത്തോട് കൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐകൾ ആക്കി മാറ്റുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി 10 ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്കായി 82.498 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി കിഫ്ബി അനുവദിച്ച തുകയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രസ്തുത ഐ.ടി.ഐകളിൽ ആരംഭിക്കുന്നതാണ്.<br>ഇതിന് പുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ.ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ.ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐകൾ ആക്കുന്നതിനുള്ള ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് യഥാക്രമം 5,23,58,914/- രൂപയും 2,76,25,000/- രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ രണ്ട് ഐ.ടി.ഐയിലെയും പ്രവർത്തനങ്ങൾ സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |

Bindu

സെക്ഷൻ ഓഫീസർ